LIBRARY ARCHIVES Kerala Legislative Assembly

അരണ്യം മാസിക

226 (1931) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരണ്യം മാസിക നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനിടയായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) വനഗവേഷണ കേന്ദ്രം, കോളേജ് ഓഫ് ഫോറസ്ട്രി എന്നിവയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പേജുകൾ റിസർവ് ചെയ്ത് ഫീച്ചറുകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക വനവിജ്ഞാന മേഖലയിലേക്ക് കൂടി വ്യാപിപ്പിക്കാൻ നിർദ്ദേശിക്കാമോ ?

ഉത്തരം

(എ&ബി) അരണ്യം ദ്വൈമാസിക നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ നവംബർ 2013-നുശേഷം പ്രസിദ്ധീകരണം നടന്നിട്ടില്ല. 2013-ൽ സർക്കാർ അനുമതിയോടെ തിരുവനന്തപുരം സെന്റ് ജോസഫ് പ്രസ്സിൽ ആറ് ലക്കങ്ങൾ അച്ചടിച്ചു. 2014-ൽ ഈ പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. ഏതെങ്കിലും സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

(സി) അച്ചടിച്ച് തുടങ്ങുന്ന മുറയ്ക്ക് വന ഗവേഷണ കേന്ദ്രം, കോളേജ് ഓഫ് ഫോറസ്ട്രി എന്നിവയിലെ വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും നിന്ന് അരണ്യം ദ്വൈമാസികയിലേക്ക് വന വിജ്ഞാനപ്രദമായ ഫീച്ചറുകൾ ലഭിക്കുകയാണെങ്കിൽ ഉൾപ്പെടുത്തുന്നതാണ്.

ഇടുക്കി ജില്ലയിലെ ടൈബൽ ഹൈവേ നിർമ്മാണം

227 (1932) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ നിർമ്മിക്കുന്ന ടൈബൽ ഹൈവേക്കുവേണ്ടി എത്ര ഏക്കർ വനഭൂമി ഏറ്റെടുക്കാൻ/വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വനഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കുമോ ; അപേക്ഷയുടെ കോപ്പി ലഭ്യമാക്കാമോ ?